## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2494** **19/03/2015-ൽ മറുപടിക്ക്**

**ഹോമിയോ വകുപ്പിൽ നിയമനം**

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹോമിയോ വകുപ്പിൽ നിലവിൽ ഡി.എം.ഒ. മാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഇത് നികത്തുന്നതിന് ഡി.പി.സി. കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രസ്തുത പ്രൊമോഷൻ സമയബന്ധിതമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | ജില്ലാ മെഡിക്കലാഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. |
| (ബി) | മെഡിക്കൽ ഓഫീസർമാരിൽ 3:1 എന്ന അനുപാതത്തിൽ സി.എം.ഒ.മാർക്കായി നീക്കിവെച്ചിട്ടുണ്ടോ; ഇപ്രകാരം സി.എം.ഒ. തസ്തികകളിൽ നിയമനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) | 3:1 എന്ന അനുപാതത്തിൽ സി.എം.ഒ. മാർക്കായി തസ്തികകൾ നീക്കിവെച്ചിട്ടുണ്ട്. സി.എം.ഒ. തസ്തികയിലെ നിയമന നടപടികൾ പരിശോധിച്ച് വരുന്നു. |
| (സി) | ഡി.എം.ഒ., സി.എം.ഒ., എം.ഒ. തസ്തികകളിൽ നിലവിൽ ഹോമിയോ വകുപ്പിൽ എത്ര ഒഴിവുകളുണ്ട്; ആയത് നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; | (സി) | **തസ്തിക** — **ഒഴിവ്**<br>ജില്ലാ മെഡിക്കൽ ആഫീസർ — ഇല്ല<br>ചീഫ് മെഡിക്കൽ ആഫീസർ — 45<br>മെഡിക്കൽ ആഫീസർ — 13<br>സി.എം.ഒ. തസ്തികയിലെ നിയമനത്തിനായി ഡി.പി.സി. കൂടി, സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.<br>മെഡിക്കൽ ആഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വകുപ്പിൽ നിലവിൽ എത്ര ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ ഉണ്ട് ; | (ഡി) | ഫാർമസിസ്റ്റുമാരുടെ 80 ഒഴിവുകൾ നിലവിലുണ്ട്. |
| (ഇ) | ഹോമിയോ ഫാർമസി ഷോപ്പുകൾ ഏതെല്ലാം കേന്ദ്രങ്ങളിലാണ് നിലവിലുള്ളത്; വിശദവിവരം നൽകുമോ? | (ഇ) | നിലവിലില്ല. |

സെക്ഷൻ ഓഫീസർ